**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4704** **19-03-2025 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റി എ.ഡി.ബി.യുടെ സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റി എ.ഡി.ബി.യുടെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടമായി കൊച്ചിയിൽ നടപ്പിലാക്കുന്ന 24*7 കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് സ്ഥാപനമാണ്; എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത്; | (എ) | ADB യുടെ ടെക്നിക്കൽ അസിസ്റ്റൻസ് കൺസൾട്ടന്റ് ആയ Jalakam Solutions Private Limited എന്ന സ്ഥാപനമാണ് കൊച്ചി കോർപ്പറേഷൻ പ്രദേശത്തെ ജലവിതരണ സംവിധാനത്തെക്കുറിച്ച് KWA യുടെ സഹായത്തോടെ 2017 ൽ പലവിധ ഡാറ്റകൾ ശേഖരിച്ചും, വിവിധ രേഖകളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായ വിശകലനം നടത്തിയുമാണ് എ.ഡി.ബി.യുടെ സഹായത്തോടെ കൊച്ചിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 24*7 കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ADB മാർഗ്ഗ നിർദ്ദേശങ്ങളും സമാന പ്രവർത്തികളുടെ ആഗോള നിലവാര മാനദണ്ഡങ്ങളും അനുസരിച്ചും Preliminary Study നടത്തിയുമാണ് ADB കൺസൾട്ടന്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. GST ഉൾപ്പടെ 1135.3 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ADB കൺസൾട്ടന്റ് തയ്യാറാക്കിയത്. ടി എസ്റ്റിമേറ്റിനെ സൂചകമാക്കിയാണ് കേരള വാട്ടർ അതോറിറ്റി, TS (സാങ്കേതികാനുമതി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. GST ഉൾപ്പടെ 945.2 കോടി രൂപയുടെ സാങ്കേതികാനുമതിയാണ് നല്കിട്ടുള്ളത്. |
| (ബി) | പ്രസ്തുത എസ്റ്റിമേറ്റ് സർക്കാർ അംഗീകരിച്ച ഷെഡ്യൂൾ ഓഫ് റേറ്റിന് വ്യത്യസ്തമായ നിരക്കിൽ ഉള്ളതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത എസ്റ്റിമേറ്റ് സർക്കാർ അംഗീകരിച്ച ഷെഡ്യൂൾ ഓഫ് റേറ്റിന് വ്യത്യസ്തമായ നിരക്കിൽ ഉള്ളതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സർക്കാർ അംഗീകരിച്ചിട്ടുള്ള PRICE -3.0 പ്രകാരം 2018 Schedule of rates അനുസരിച്ചാണ് TS എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അംഗീകരിച്ച Schedule of rates ഇല്ലാത്ത ഇനങ്ങൾക്ക് Observed data തയ്യാറാക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. ഇപ്രകാരം Schedule of rates ഇല്ലാത്ത ഇനങ്ങൾക്ക് Observed data തയ്യാറാക്കിട്ടുണ്ട്. KWA തയ്യാറാക്കിയ എസ്റ്റിമേറ്റ് നിരക്ക് കൺസൾട്ടന്റ് തയ്യാറാക്കിയ എസ്റ്റിമേറ്റിനേക്കാൾ വളരെ |

| | | | |
|---|---|---|---|
| | | | താഴെയാണ്. കൂടാതെ പ്രസ്തുത പദ്ധതിയുടെ ടെണ്ടർ Item Rate ടെണ്ടർ ആകയാൽ, ആദ്യ വർഷത്തിലെ വിശദമായ പഠനത്തിനും വിവരശേഖരണങ്ങൾക്കും ശേഷം തയ്യാറാക്കിയ Schedule അനുസരിച്ച് യഥാർത്ഥത്തിൽ ചെയ്തിട്ടുള്ള പ്രവർത്തികൾക്ക് മാത്രമായിരിക്കും പണം നൽകുന്നത്. KWA തയ്യാറാക്കിയ T.S എസ്റ്റിമേറ്റ് അടിസ്ഥാനമാക്കിയാണ് ടെൻഡർ നടപടികളിലേക്ക് പോയിട്ടുള്ളത്. T.S എസ്റ്റിമേറ്റുകളുടെ General Abstract അനുബന്ധമായി ചേർക്കുന്നു. |
| (സി) | കൊച്ചി നഗരത്തിലെ ജലവിതരണം സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുമ്പോൾ നിലവിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ പുനർവിന്യാസം ഏത് രീതിയിൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ടി പദ്ധതിയിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖലയുടെയും അനുബന്ധ ഘടകങ്ങളുടെയും നവീകരണവും പരിപാലനവും കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ദർഘാസ് ലഭിക്കുന്ന കരാറുകാരൻ വഴി നടപ്പാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ മേൽനോട്ടത്തിലും അംഗീകാരത്തോടെയുമാണ് പ്രവൃത്തികൾ നടപ്പിലാക്കുക. പ്രസ്തുത പദ്ധതിയുടെ ദർഘാസിന് സർക്കാരിന്റെ അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ കേരള വാട്ടർ അതോറിറ്റി ജീവനക്കാരെ പുനർ വിന്യസിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

EST No. :WRD/KWA-CESEWA/EST/15007/2022_5_2_1 (Edit Id : 14)
(Dsor year : 2018,Cost Index (Place : Ernakulam,Value : 135.59),GST : 18%

## GENERAL ABSTRACT

ADB-Kerala Urban Water Supply Improvement -(KUWSIP)- Kochi MunicIpal Corporation - AMP Cost , Operating Cost and Setup Cost-General Civil Work

Draft #32 of File KWA/CE/CR/D5/760/ADB/2021 Approved by Chief Engineer on 10-Feb-2023 04:21 PM - Page 418

| Sl No | Head Description | | Amount |
|---|---|---|---|
| 1 | AMP Cost | | 862283950.67 |
| 2 | Operating Cost-Year 1 | | 233153982.99 |
| 3 | Operating Cost -Year 2 | | 204919030.50 |
| 4 | Operating cost -Year 3 | | 155283783.57 |
| 5 | Operating Cost-Year 4 | | 155283783.59 |
| 6 | Operating Cost-Year 5 | | 155283783.59 |
| 7 | Operating Cost-Year 6 | | 152232835.04 |
| 8 | Operating Cost-Year 7 | | 152232835.04 |
| 9 | Operating Cost-Year 8 | | 152269250.86 |
| 10 | Operating Cost-Year 9 | | 152269250.86 |
| 11 | Operating Cost -Year 10 | | 152269250.86 |
| 12 | Setup Cost-Survey and Investigation Works | | 8755571.00 |
| 13 | Set up Cost - Offices and Equipment | | 41664360.38 |
| | **Total Estimation PAC** | | 2577901668.95 |
| **C** | **Extra Charges** | | |
| C.001 | Provision for GST | | |
| | 2577901668.95 | 18.00% | 464022300.41 |
| | **Grand Total** | | 3041923969.36 |
| | **Round off** | | 8076030.64 |
| | **Rounded Total(Rs)** | | 3050000000.00 |